ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്ന വീട്ടമ്മയെ ഉപദ്രവിച്ച കേസിൽ യുവാവ് അറസ്റ്റിൽ. സൗത്ത് വാഴക്കുളം  ചെമ്പറക്കി കിഴക്കേ ആഞ്ഞിക്കാട്ട് വീട്ടിൽ അൻസൽ (25) നെയാണ് പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 31ന് രാത്രി എട്ടുമണിയോടെയാണ് സംഭവം. വീട്ടിലേക്ക് സ്ക്കൂട്ടറിൽ തിരിക്കുകയായിരുന്ന വീട്ടമ്മയെ പോഞ്ഞാശ്ശേരിൽ വച്ച് ഇരു ചക്ര വാഹനത്തിലെത്തിയ യുവാവ് തടഞ്ഞ് നിറുത്തി ഉപദ്രവിക്കുകയായിരുന്നു.